(ബി) കണ്ണൻദേവൻ മലനിരകളിൽ നിന്ന് ഏറ്റെടുത്ത സ്ഥലത്തിന് ദേവികുളം താലൂക്ക് ഓഫീസിൽനിന്നും കണ്ണൻദേവൻ വില്ലേജ് ഓഫീസിൽ നിന്നും നിയമവിരുദ്ധമായി പട്ടയങ്ങൾ നൽകിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പട്ടയങ്ങൾ റദ്ദു ചെയ്ത് ഭൂമി വീണ്ടെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) കണ്ണൻ ദേവൻ മലനിരകളിലെ ഭൂമി കയ്യേറ്റം സംബന്ധിച്ച് സമഗ്രമായ ഒരു അന്വേഷണം നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കണ്ണൻദേവൻ ഹിൽസ് (റിസപ്ഷൻ ഓഫ് ലാന്റ്) ആക്ട് വഴി സർക്കാർ ഏറ്റെടുത്ത കണ്ണൻദേവൻ ഹിൽസിലെ കൃഷി ഭൂമിയിൽ നിന്നു വനവൽക്കരണത്തിന് യുക്തമായ ഭൂമി വനം വകുപ്പിന് കൈമാറിയിട്ടുണ്ട്.

(ബി) ഇടുക്കി ജില്ലയിൽ പല സ്ഥലത്തും നിയമവിരുദ്ധമായി പട്ടയങ്ങൾ നല്കിയിട്ടുണ്ടെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും അവ കണ്ടെത്തുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചു അന്വേഷണം നടന്നുവരികയും ചെയ്യുന്നു.

(സി) 17-11-2003-ലെ ജി.ഒ.(ആർ.ടി.) 3611/03/റവ. ഉത്തരവുപ്രകാരം ഒരു കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇക്കാര്യത്തിൽ സമഗ്രമായ അന്വേഷണം നടന്നു വരികയാണ്.

പട്ടയം വിതരണം

73 (254) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി 15 വരെ സംസ്ഥാനത്ത് എത്രപേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പട്ടയം ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഈ കാലയളവിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(സി) പട്ടയ വിതരണം നടത്തുന്നതിനായി സർക്കാർ എത്ര പട്ടയ മേളകൾ സംഘടിപ്പിച്ചിട്ടുണ്ടെന്നും ഓരോ പട്ടയ മേളകളിലും വച്ച് എത്ര പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

പട്ടയം നൽകാൻ നടപടി

74 (255) ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര താലൂക്കിൽ ഇളമാട് വില്ലേജിൽ പെരിയ വെളിനല്ലൂർ കോമൺ പ്ലോട്ടിൽ കഴിഞ്ഞ 30 വർഷമായി താമസിച്ചുവരുന്ന 32 കുടുംബങ്ങൾക്ക് പട്ടയം നല്കുവാൻ ഉത്തരവ് നല്കിയിട്ടും അത് പ്രാവർത്തികമാക്കാത്തത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly